# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2461 01.04.2013-ൽ മറുപടിക്ക്**

**എൻ.ജെ ഫിലിപ്പിന്റെ എൽ.ഡബ്ല്യു.എ. പാസ്സാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്ററായി ജോലി നോക്കുന്ന ശ്രീ. എൻ.ജെ.ഫിലിപ്പിന്റെ (കോട്ടയം) എൽ.ഡബ്ല്യു.എ. അപേക്ഷയിൽ കെ. ഡബ്ല്യു.എ എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള വാട്ടർ അതോറിറ്റി യിൽ പമ്പ് ഓപ്പറേറ്ററായി ജോലി നോക്കി യിരുന്ന (ഇപ്പോൾ ശൂന്യവേതനാവധി യിൽ ആയിരിക്കുന്ന) ശ്രീ.എൻ. ജെ. ഫിലിപ്പിന്റെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതു മായി ബന്ധപ്പെട്ട അപേക്ഷ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 26.03.2013 ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | എൽ.ഡബ്ല്യു.എ. അപേക്ഷകൾ കെ. ഡബ്ല്യു.എ യ്ക്ക് തന്നെ നൽകാമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | KSR Part 1 Appendix XII A,C . എന്നീ ചട്ടങ്ങൾ അനുസരിച്ച് നിലവിലുള്ള അവധി ദീർഘിപ്പിച്ചു നൽകുന്നതുൾപ്പടെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം 01.12.2012 ലെ സർക്കാർ ഉത്തരവ് (പി) നം.656/2012/ധന പ്രകാരം അതാത് വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ശ്രീ. എൻ.ജെ. ഫിലിപ്പിന്റെ അപേക്ഷ സർക്കാരിൽ നിന്നു പാസ്സാക്കേണ്ടതുണ്ടോ; പ്രസ്തുത അപേക്ഷ സെക്രട്ടറിയേറ്റി ലേയ്ക്ക് എന്നാണ് അയച്ചത്; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; സെക്രട്ടേറിയേറ്റ് ഫയൽ നമ്പർ ലഭ്യമാക്കമോ ; | (സി) | ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 15.03.2013 ആണ്. പ്രസ്തുത കത്ത് 26.03.2013 ൽ 8628/ബി3/13/ജവിവ നമ്പർ തപാലായി സെക്രട്ടേറിയറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധന യിലാണ്. |
| (ഡി) | ശ്രീ. എൻ.ജെ.ഫിലിപ്പിന്റെ എൽ.ഡബ്ല്യൂ.എ. അപേക്ഷ പാസ്സാക്കുന്നതിന് കെ. ഡബ്ല്യൂ.എ യിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കമോ? | (ഡി) | കേരള വാട്ടർ അതോറിറ്റി ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് ലഭിച്ച ആദ്യത്തെ അപേക്ഷയിൽ മേലൊപ്പ് ഇല്ലാത്തത് കൊണ്ട് ടി അപേക്ഷ തിരിച്ചയക്കേണ്ടതായി വന്നു. |

സെക്ഷൻ ഓഫീസർ

Spl messenger

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ (വ്യയം.ബി) വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII A, അനുബന്ധം XII C എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം അതാതു വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നല്കികൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

.................................................................................................

ധനകാര്യ (വ്യയം.ബി) വകുപ്പ്

സ.ഉ(പി)നം.656/2012/ധന തിരുവനന്തപുരം, തീയതി; 01/12/2012.

.................................................................................................

പരാമർശം: 6/8/08 ലെ സ.ഉ(പി)നം.350/08/ധന

**ഉത്തരവ്**

1. കേരള സർവ്വീസ് ചട്ടം ഭാഗം I അനുബന്ധം XII 'എ' യും XII 'സി' യും ചട്ടങ്ങൾ അനുസരിച്ച് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ഭരണവകുപ്പുകൾക്ക് നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. അവധി അനുവദിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII 'എ' യും XII 'സി' യും ചട്ടങ്ങൾ അനുസരിച്ച് നിലവിലുള്ള അവധി ദീർഘിപ്പിച്ച് നൽകുന്നതുൾപ്പെടെ ശൂന്യവേതന അവധി അനുവദിക്കുന്നതിനുള്ള അധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നല്കി ഉത്തരവാകുന്നു. ടി അധികാരം വിനിയോഗിക്കുമ്പോൾ അവധി സംബന്ധിച്ച ചട്ടങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

3. ചട്ടങ്ങളിൽ ഇളവ് വരുത്തി അവധി അനുവദിക്കേണ്ട സാഹചര്യങ്ങളിൽ വകുപ്പ് തലവൻമാർ ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ അനുമതി തേടേണ്ടതും ഭരണവകുപ്പുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രം ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ഡോ. വി.പി.ജോയി

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/

സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

പൊതുഭരണ (എസ്.സി) വകുപ്പ്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി / ചീഫ് വിപ്പ്

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും.

സെക്രട്ടറി സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.

✓നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻപ്രകാരം

Reme

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ